**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4658** **02-07-2024 - ൽ മറുപടിയ്ക്ക്**

**ചന്ദ്രഗിരി പുഴയിൽ ചെക്ക് ഡാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ചന്ദ്രഗിരി പുഴയുടെ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് ജലവിഭവ വകുപ്പ് ചെക്ക് ഡാമുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ ചന്ദ്രഗിരിപുഴയുടെ കൈവഴിയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ജലവിഭവ വകുപ്പ് ചെക്ക്ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.<br>1. ബളാംന്തോട്<br>2. എരിഞ്ഞിലം കോട്<br>3. പൂക്കയം<br>4. കപ്പംകര<br>5. കടുംബൂർ<br>6. കൊട്ടോടി<br>7. പണാംകോട്<br>8. പാണ്ടിക്കണ്ടം (ആർ.സി.ബി)<br>9. ബാവിക്കര (റെഗുലേറ്റർ) |
| (ബി) | പ്രസ്തുത പുഴ ഒഴുകുന്ന പനത്തടി, കള്ളാർ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്തുകളിൽ എവിടെയെല്ലാമാണ് പുതുതായി ചെക്ക് ഡാമുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി എവിടെയെല്ലാം നടപടികൾ സ്വീകരിച്ചതെന്നും വിശദമാക്കാമോ? | (ബി) | പനത്തടി ഗ്രാമപഞ്ചായത്തിലെ വെള്ളക്കല്ല് എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. CWC Norms 2010 പ്രകാരം Water availability, Benefit cost ratio എന്നിവ പരിശോധിച്ചതിനുശേഷം വിശദമായ DPR അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പഞ്ചായത്തിലെ ചിറംകടവ് എന്ന സ്ഥലത്ത് കാസറഗോഡ് ഡെവലപ്പ്മെൻറ് പാക്കേജിൽ ഉൾപ്പെടുത്തി ചെക്ക് ഡാം കം ബ്രിഡ്ജിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കോടോം ബേളൂർ പഞ്ചായത്തിലെ തടിയൻവളപ്പ് എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. കല്ലാർ ഗ്രാമ പഞ്ചായത്തിൽ പുതുതായി ചെക്ക് ഡാമുകൾ സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ